**"ഭരണഭാഷ- മാതൃഭാഷ"**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി തീർപ്പ്
(നിലവിൽ സുഭാഷ് ടി വി ഐ.എ.എസ്)

---

പ്രൊസീഡിംഗ്സ് നമ്പർ.സി1/26/2026/ഐ&പിആർ തിരുവനന്തപുരം, തീയതി (28-01-2026)

---

വിഷയം:- ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് -സ്കൂൾ - കോളേജ് വിഭാഗങ്ങൾക്ക് മത്സരം സംഘടിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - 1) സ.ഉ.(കൈ) 18/2025/ഐ&പി ആർ തീയതി 30-12-2025
2) പ്രസ് റിലീസ് വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ 22-01-2026 ലെ കുറിപ്പ്

<u>ഉത്തരവ്</u>

വികസന ക്ഷേമ പ്രവർത്തനങ്ങളുടെയും കേരള മോഡൽ എല്ലാ വിഭാഗം ജനങ്ങളിലേക്കുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ - കോളേജ് - പൊതുമേഖല എന്നീ വിഭാഗങ്ങൾക്ക് ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നതിന് അനുമതിയും ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങള് നൽകിയും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. കേരളത്തിന്റെ ആവേശോജ്ജ്വലമായ സാമൂഹിക പുരോഗതിയുടെ ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിജ്ഞാന യാത്ര - ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് മത്സരങ്ങളുടെ സ്കൂൾ വിഭാഗം വിദ്യാഭ്യാസ ജില്ലാതലം ജനുവരി 22 നും ജില്ലാതല മത്സരങ്ങൾ ജനുവരി 28 നുമാണ് ക്രമീകരിച്ചിട്ടുള്ളത്. പരിപാടിയുടെ വിജയത്തിനായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

**ജില്ലാതല മത്സരങ്ങളുടെ തീയതി, സമയം**

| നം. | ജില്ല | | സ്കൂൾ | കോളേജ് |
|---|---|---|---|---|
| 1 | കണ്ണൂർ, കാസർകോഡ് | ജനുവരി 28 | 9 AM | 1.15 PM |
| 2. | കോഴിക്കോട്, വയനാട് | ജനുവരി 29 | 9 AM | 1.15 PM |
| [illegible] | [illegible] | [illegible] | [illegible] | |

| | | | | |
|---|---|---|---|---|
| 3. | മലപ്പുറം, പാലക്കാട് | ജനുവരി 30 | 9 AM | 1.15 PM |
| 4. | തൃശ്ശൂർ, കോട്ടയം | ഫെബ്രുവരി 2 | 9 AM | 1.15PM |
| 5. | എറണാകുളം, ഇടുക്കി | ഫെബ്രുവരി 3 | 9 AM | 1.15 PM |
| 6. | പത്തനംതിട്ട, ആലപ്പുഴ | ഫെബ്രുവരി 4 | 9 AM | 1.15 PM |
| 7 | തിരുവനന്തപുരം, കൊല്ലം | ഫെബ്രുവരി 5 | 9 AM | 1.15 PM |

**പി ആർ ഡി ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതലകൾ**

**പ്രചാരണം & മീഡിയ കോഓർഡിനേഷൻ**

- ക്വിസ് മത്സരവുമായി ബന്ധപ്പെട്ട പ്രസ് റിലീസ്, വാർത്താക്കുറിപ്പുകൾ, അറിയിപ്പുകൾ എന്നിവ സമയബന്ധിതമായി തയ്യാറാക്കി മാധ്യമങ്ങളിൽ നൽകണം

- സ്കൂൾ, കോളേജ് തല മൽസരങ്ങൾ പൂർത്തിയാകുമ്പോൾ ഫോട്ടോ, വീഡിയോ എന്നിവ വാർത്തക്കൊപ്പം റിലീസ് ചെയ്യണം.

- പ്രിന്റ്, ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളുമായി ഏകോപനം നിർവഹിക്കണം.

- ജില്ലാ തല മത്സരങ്ങളുടെ തീയതി, വേദി, സമയം എന്നിവ പൊതുജനങ്ങളിലേക്ക് എത്തിക്കണം

- ക്വിസിന്റെ അടിസ്ഥാന സൂചകമായി തയാറാക്കിയ എന്റെ കേരളം പതിപ്പിന്റെ ഡിജിറ്റൽ കോപ്പി നിലവിൽ വെബ്സൈറ്റിൽ ലഭ്യമാണ്. പരമാവധി വിദ്യാർഥികളിലേക്ക് പതിപ്പ് എത്തിക്കാൻ ശ്രമിക്കണം

**ജില്ലാതല സംഘാടകസമിതി ഏകോപനം**

- ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകുന്ന നോഡൽ ഓഫീസറുമായി കോളേജ് തലത്തിലും പൊതുവിദ്യഭ്യാസ ഡയറക്ടറുമായി സ്കൂൾ തല മൽസരങ്ങളും നടത്താൻഏകോപനം നിർവഹിക്കണം.

- സംഘാടക സമിതി ചേരന്ന ചിട്ടയായ പ്രവരത്തനങ്ങശ നടത്തണം.

- സ്കൂൾ കോളേജ് വിഭാഗങ്ങളുടെ ജില്ലാ തല മൽസരങ്ങൾക്ക് ആവശ്യമായ വേദികൾ കൂടിയാലോചിച്ച് ഉറപ്പിക്കണം.

- 500 മുതൽ 1000 പേരെ വരെ ഉൾക്കൊള്ളാൻ കഴിയുന്ന കോളേജ്, സ്കൂൾ ഓഡിറ്റോറിയങ്ങളാണ് ഇതിനായി തെരഞ്ഞെടുക്കേണ്ടത്.

- നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ രാവിലെ 9 മുതൽ സ്കൂൾ ഓഡിറ്റോറിയത്തിൽ സ്കൂൾ മൽസരവും അതേ ജില്ലയിൽ ഉച്ചക്ക് 1.15 മുതൽ തെരഞ്ഞെടുത്ത കോളേജ് ഓഡിറ്റോറിയത്തിൽ കോളേജ് മൽസരങ്ങളും നടക്കണം ഇതിനാവശ്യമായ സംഘാടന സഹായം, അധ്യാപകരുടെ സേവനം എന്നിവ അതാത് വകുപ്പുകൾ നൽകണം.

- ഇതിനാവശ്യമായ നിർദേശങ്ങൾ ഉന്നത, പൊതുവിദ്യാഭ്യാസ വകുപ്പുകൾ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ക്വിസ് മാസ്റ്റർമാർ, ക്വിസ് പ്രസന്റേഷൻ, വിജയികൾക്കുള്ള മെമന്റോ, സർട്ടിഫിക്കറ്റ്, കാണികൾക്കുള്ള സമ്മാനങ്ങൾ എന്നിവ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കും.

- വേദിയിലെ ശബ്ദം, വെളിച്ചം, എൽ ഇ ഡി വാൾ, ജനറേറ്റർ, ആർച്ച്, ആവശ്യമായ കസേരകൾ എന്നിവ സജ്ജീകരിക്കണം.

- ക്വിസ് മത്സരങ്ങളുടെ ജില്ലാതല മൽസരങ്ങളുടെ സമ്മാനദാന ചടങ്ങിൽ മന്ത്രിമാർ, എം.എൽ.എമാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തണം.

- ക്വിസ് മാസ്റ്റർമാരുടെ ഓണറേറിയം, താമസം, ഭക്ഷണം, മൽസരാർഥികളുടെ റിഫ്രഷ്മെന്റ്, എന്നിവക്കുള്ള തുക ജില്ലകൾക്ക് അനുവദിക്കും.

- ഇതിന് ആവശ്യമായ ക്വട്ടേഷനടക്കമുള്ള നടപടി ക്രമങ്ങൾ അടിയന്തിരമായി ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ പൂർത്തിയാക്കണം.

- വിദ്യാഭ്യാസ വകുപ്പ്, കോളേജ്/സ്കൂൾ അധികൃതർ, ക്വിസ് മാസ്റ്റർമാർ തുടങ്ങിയവരുമായി ഏകോപനം നിർവഹിച്ച് ഓരോ ജില്ലയിലും ക്വിസ് മൽസരങ്ങൾ രാവിലെ സ്കൂൾ, ഉച്ചക്കുശേഷം കോളേജും എന്ന രീതിയിലാണ് മൽസരം നടത്തേണ്ടത്.

- കോളേജ് ജില്ലാതല മത്സരങ്ങളുടെ ചുമതല ചുവടെ പറയുന്ന നോഡൽ ഓഫീസർമാർക്ക് ആയരിക്കും

| District | Name of | Designation | Institution | Mob |
|---|---|---|---|---|

| District | Name of Nodal Officer | Designation | Institution | Mob. No. |
|---|---|---|---|---|
| Thiruvananthapuram | Dr. Bijulal | Principal | Government Engineering College, Barton Hill | 9645357434 |
| Kollam | Dr. Anuradha V K | Deputy Director | O/o the Deputy Director, Kollam | 9447027136 |
| Pathanamthitta | Dr. Jiju Varghese Jacob | Principal | Government Arts & Science College, Elanthur | 9447907855 |
| Alappuzha | Dr. Abhilash Kumar R G | Principal | Government Arts & Science College, Alappuzha | 9496648407 |
| Kottayam | Dr. Manilal K | Deputy Director | O/o the Deputy Director, Kottayam | 9447693678 |
| Ernakulam | Dr. Priya P Menon | Deputy Director | O/o the Deputy Director, Ernakulam | 9447664676 |
| Idukki | Dr. Baiju | Principal | Government Engineering College, Idukki | 9495627920 |
| Thrissur | Dr. Manojkumar P S | Deputy Director | O/o the Deputy Director, Thrissur | 9605486664 |
| Palakkad | Dr. Remesh | Principal | Government Engineering College, Palakkad | 9400782546 |
| Malappuram | Dr. Zainul Abid Kotta | Principal | Government Arts & Science College, Malappuram | 9645420355 |
| Kozhikode | Dr. Priya P | Deputy Director | O/o the Deputy Director, Kozhikode | 9496109814 |
| Kannur | Dr. Sreekumar | Principal | Government Engineering | 9495744268 |

| | | | | |
|---|---|---|---|---|
| | | | College, Kannur | |
| Wayanad | Dr. Pradeep | Principal | Government Engineering College, Wayanad | 9495889945 |
| Kasaragode | Dr. Anilkumar V S | Principal | Government Arts & Science College, Kasaragode | 9496370425 |

- സ്കൂൾ/കോളേജ് തല രജിസ്ട്രേഷൻ നടപടികൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകണം. ഓരോ ഘട്ടത്തിലെയും രജിസ്ട്രേഷൻ വിശദാംശങ്ങൾ മുൻകൂട്ടി ലഭ്യമാക്കും. സ്കൂൾതല ജില്ലാ മൽസരങ്ങളുടെ രജിസ്ട്രേഷൻ മത്സരദിവസം രാവിലെ 9 മണി മുതൽ ആരംഭിക്കേണ്ടതും 10 മണി മുതൽ മൽസരങ്ങൾ ആരംഭിക്കേണ്ടതുമാണ്. കോളേജ്തല ജില്ലാ മൽസരങ്ങളുടെ രജിസ്ട്രേഷൻ ഉച്ചയ്ക്ക് 1.15 മുതൽ ആരംഭിക്കുകയും 2 PM ന് മത്സരങ്ങൾ തുടങ്ങുകയും വേണം. രജിസ്ട്രേഷൻ, സ്കോർ ബോർഡ്, സമ്മാന വിതരണം, റിഫ്രഷ്മെന്റ്, റിസപ്ഷൻ എന്നിവയ്ക്കായി പ്രത്യേകം അധ്യാപകർ, NCC, NSS വോളണ്ടിയർ എന്നിവരെ നിശ്ചയിക്കണം. സുഗമമായ രജിസ്ട്രേഷനായി പങ്കെടുക്കുന്ന വിദ്യാർഥികളുടെ വിവരങ്ങൾ മുൻകൂറായി ലഭ്യമാക്കും. ഇവയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട് രേഖപ്പെടുത്തി കോഡ് നമ്പർ അനുവദിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കണം. 15 മിനിട്ട് മുമ്പ് വിദ്യാർഥികളുടെ ഇരിപ്പിട സജ്ജീകരണം പൂർത്തിയാക്കണം. കോളേജിൽ നിന്ന് എത്തുന്ന ടീമുകൾക്ക് പ്രിൻസിപ്പലിന്റെ കത്തും കോളേജ് ഐ.ഡി കാർഡും ഉണ്ടായിരിക്കണം. ഇവയുടെ ശരിയായ പരിശോധന ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ ഉദ്യോഗസ്ഥർ പൂർത്തിയാക്കും. ഇതിനാവശ്യമായ ഏകോപനം മുൻകൂട്ടി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ പൂർത്തിയാക്കണം.. വിദ്യാർഥികളുടെ ലഘുഭക്ഷണം, കുടിവെള്ളം ഇവ ഐ.പി.ആർ.ഡി സജ്ജീകരിക്കും. വിതരണം ചുമതലയുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്നവർ നിർവഹിക്കണം.

- **മത്സരരീതി:** ക്വിസ് മാസ്റ്ററുടെ നേതൃത്വത്തിൽ ഇന്ററാക്ടീവ് ക്വിസ് മത്സരം ആയിരിക്കും സംഘടിപ്പിക്കുക. മത്സരങ്ങളുടെ നിയമാവലി, ഘടന എന്നിവ മത്സരത്തിന് മുമ്പ് ക്വിസ് മാസ്റ്റർ വിശദീകരിക്കും. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. 30 ചോദ്യങ്ങളടങ്ങുന്ന പ്രിലിമിനറി എലിമിനേഷൻ റൗണ്ടുകൾക്ക് ശേഷമായിരിക്കും അവസാന റൗണ്ട് നടക്കുക. ക്വി പ്രിലിമിനറി റൗണ്ടിനു ശേഷം വിജയിക്കുന്ന 6 ടീമുകളെ വേദിയിലേക്ക് ക്ഷണിച്ച് ഇന്ററാക്ടീവ് രീതിയിലാണ് ക്വിസ് മൽസരം സംഘടിപ്പിക്കുന്നത് ക്വിസ് മാസ്റ്റർമാരുടെ പാനൽ, ചോദ്യങ്ങളുടെ ഡിജിറ്റൽ പ്രസന്റേഷൻ എന്നിവ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ക്രമീകരിക്കും. കാണികൾക്കും സമ്മാനം ലഭിക്കുന്ന രീതിയിലുള്ള മത്സരത്തിൽ പരമാവധി വിദ്യാർഥികളെ പങ്കെടുപ്പിക്കണം. ഓഡിറ്റോറിയം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കോളേജുകളായിരിക്കണം ജില്ലാതല മത്സരങ്ങൾക്ക് തെരഞ്ഞെടുക്കേണ്ടത്.

- ജില്ലാതല മത്സരങ്ങളുടെ വേദികൾ ചുവടെ പറയും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

| നം | ഇനം |
|---|---|
| 1 | വേദിയിൽ 6 ടീമുകൾ (12 മത്സരാർഥികൾക്ക് ഇരിക്കുന്നതിനുള്ള പൊക്കമുള്ള സ്റ്റൂൾ/ ബാർ സ്റ്റൂൾ ഉയരമുള്ളത്, പോഡിയം, വേദിയിൽ സമ്മാനങ്ങൾ പ്രദർശിപ്പിച്ചുവയ്ക്കുന്നതിനായുള്ള മേശകൾ, വിരിപ്പ്) |
| 2 | സദസിൽ ചോദ്യങ്ങൾ വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിലുള്ള എൽ.ഇ.ഡി. വാൾ (Min. 10 x 6 ft), മത്സരാർഥികൾക്ക് ചോദ്യങ്ങൾ കാണുവാനുള്ള ഫ്രണ്ട് സ്ക്രീൻ ( 2 TV) |
| 3 | കോഡ് ലെസ് മൈക്കുകൾ- മത്സരാർഥികൾക്ക് 6 എണ്ണം , ക്വിസ് മാസ്റ്റർക്ക് – 1, കാണികൾക്ക് ഉത്തരംപറയുന്നതിന് -2 (spare mike -2 എണ്ണം കോഡ് ലെസ്) |
| 4 | വേദിയിലും സദസിലും ചോദ്യങ്ങൾ വ്യക്തമാകുന്ന രീതിയിലുള്ള ശബ്ദ ക്രമീകരണം, സൗണ്ട് സിസ്റ്റം കുറഞ്ഞത് 10000 Watts. ജനറേറ്റർ |
| 5 | രജിസ്ട്രേഷൻ കൗണ്ടറുകൾക്ക് ആവശ്യമായ കസേര, മേശ |
| 6 | അവാർഡ് വിതരണ ചടങ്ങിന് ആവശ്യമായ കസേര, പോഡിയം |
| 7 | കുട്ടികൾക്ക് Preliminary test ലെ ഉത്തരങ്ങൾ എഴുതുന്നതിനും അധ്യാപകർക്ക് മൂല്യനിർണയും നടത്തുന്നതിനും ആവശ്യമായ പേപ്പർ, പേന, ചെസ്റ്റ് നമ്പറുകൾ എന്നിവയുടെ ക്രമീകരണം. |
| 8 | കുടിവെള്ളം, ചായ, സ്നാക്സ്. |
| 9 | മത്സരവേദിയിൽ ആവശ്യമായ ബോർഡു (15x10) |
| 10 | മത്സരവേദിയിലെ അറിയിപ്പുകൾ കൃത്യമായി നൽകുന്നതിന് അവതാരകരുടെ സേവനം ഉപയോഗിക്കണം. |

**ഡോക്യുമെന്റേഷൻ & റിപ്പോർട്ടിംഗ്**

- മത്സരത്തിന്റെ ഫോട്ടോ, വീഡിയോ എന്നിവ ക്രമീകരിക്കണം. ജില്ലാതല മത്സര റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടറേറ്റിലേക്ക് സമർപ്പിക്കണം. വിജയികളുടെ വിവരങ്ങൾ, സ്കോർ ഷീറ്റുകൾ, ഹൈലൈറ്റുകൾ എന്നിവ ഡോക്യുമെന്റ് ചെയ്യണം. ജില്ലാതല മൽസരങ്ങളുടെ സമാപനം മന്ത്രി, എം എൽ എ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാംസ്കാരിക നായകർ എന്നിവരെ ഉൾപ്പെടുത്തി ജനകീയമായി നടത്തണം.

**സോഷ്യൽ മീഡിയ & ഡിജിറ്റൽ ഔട്ട്റീച്ച്**

- സർക്കാർ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ മത്സരവുമായി ബന്ധപ്പെട്ട പോസ്റ്റുകൾ

നൽകണം. ജില്ലാ തല മത്സരങ്ങളുടെ ലൈവ് അപ്ഡേറ്റുകൾ, ഹൈലൈറ്റുകൾ പ്രചരിപ്പിക്കണം. ഔദ്യോഗിക ഹാഷ്ടാഗുകളും ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങളും പാലിക്കണം.

**സംസ്ഥാനതല മത്സരത്തിന് പിന്തുണ**

- ജില്ലാതല വിജയികളുടെ വിവരങ്ങൾ സംസ്ഥാന സമിതിയിലേക്ക് കൈമാറുന്നതിന് വകുപ്പുകളുമായി ഏകോപനം നിർവഹിക്കണം. സംസ്ഥാനതല മത്സരത്തിനുള്ള പങ്കാളിത്തം, യാത്ര, മീഡിയ കോഓർഡിനേഷൻ എന്നിവയിൽ സഹായം നൽകണം.

**കേരള മോഡൽ പ്രചാരണം**

- ക്വിസ് മുഖേന സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങൾ, നവകേരള കാഴ്ചപ്പാട് എന്നിവ ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയണം.ജില്ലാതല സ്കൂൾ കോളേജ് ക്വിസ് മത്സരങ്ങൾക്കായി ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾക്ക് ചെലവഴിക്കാവുന്ന ഇനവും തുകയും സംബന്ധിച്ച ഉത്തരവ് നൽകുന്നതായിരിക്കും

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 28-01-2026 16:21:33
സെക്ഷൻ ഓഫീസർ.

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സെഷ്യൽ സെക്രട്ടറിമാർക്കും
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, നോർക്ക
സെക്രട്ടറി, യുവജന ക്ഷേമ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പൊതു വിദ്യാഭാസ വകുപ്പ് ഡയറക്ടർ
ഉന്നത വിദ്യാഭാസ വകുപ്പ് ഡയറക്ടർ
എല്ലാ സർവ്വകലാശാലക രജിസ്ട്രാർമാർക്കും
അഡീഷണൽ ഡയറക്ടർ (ഇഎംഡി), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ & ഇ, ആഡിറ്റ്), കേരള തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി